**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3469** **26-10-2021 - ൽ മറുപടിയ്ക്ക്**

**വി.എഫ്.പി.സി.കെ. സ്വീകരിച്ചിരുന്ന പഴം പച്ചക്കറികൾക്കുള്ള വില നൽകുന്നതിനുള്ള കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കർഷകരിൽ നിന്നും വി.എഫ്.പി.സി.കെ. സ്വീകരിച്ചിരുന്ന പഴം, പച്ചക്കറി എന്നിവക്കുള്ള വില നൽകുന്നതിന് കാലതാമസമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വി.എഫ്.പി.സി.കെ കർഷകരിൽ നിന്നും ഉൽപ്പന്നങ്ങൾ നേരിട്ട് സംഭരിക്കാറില്ല. കൗൺസിലിന്റെ മാർഗ്ഗ നിർദ്ദേശം അനുസരിച്ച് ചാരിറ്റബിൾ സൊസൈറ്റീസ് ആക്റ്റിന്റെ കീഴിൽ രൂപീകൃതമായിരിക്കുന്ന സ്വാശ്രയ കർഷക സമിതികളാണ് കർഷകരുടെ ഉൽപ്പന്നങ്ങൾ കൂട്ടായ വിപണനം എന്ന പ്രക്രിയയിലൂടെ സംഭരിച്ച് വിപണനം നടത്തുന്നത്. കർഷകരിൽ നിന്നും സംഭരിക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിച്ച് കർഷകർക്ക് വില ലഭ്യമാക്കുന്നു. എന്നിരുന്നാലും ചില അവസരങ്ങളിൽ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | മറ്റത്തൂർ വി.എഫ്.പി.സി.കെ. കർഷക സംഘത്തിൽ നിന്നും വാങ്ങിയ പച്ചക്കറികളുടെ വില അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | തൃശ്ശൂർ ജില്ലയിലെ മറ്റത്തൂർ സമിതിയിൽ നിന്നും ഹോർട്ടികോർപ്പ് പഴം-പച്ചക്കറി സംഭരിച്ച വകയിൽ സമിതിയ്ക്ക് 05.10.2021 ലെ കണക്കുപ്രകാരം 19,54,668/- രൂപ ഹോർട്ടികോർപ്പ് നൽകുവാനുണ്ട്. ഇതിൽ 5,93,422 രൂപയുടെ ക്ലെയിം ഹോർട്ടികോർപ് സമർപ്പിക്കുകയും തുക മാറി നൽകുകയും ചെയ്തിട്ടുണ്ട്. ബാക്കി തുകയായ 1361246 രൂപ ഹോർട്ടികോർപ്പ് ക്ലയിം നൽകുന്ന മുറയ്ക്ക് നൽകുന്നതാണ്. |
| (സി) | കുടിശ്ശിക തുക എത്രയാണെന്നും അവ എന്നത്തേയ്ക്ക് നൽകാൻ കഴിയുമെന്നും അറിയിക്കാമോ? | (സി) | തൃശ്ശൂർ ജില്ലയിലെ മറ്റത്തൂർ സമിതിയിൽ നിന്നും ഹോർട്ടികോർപ്പ് പഴം-പച്ചക്കറി സംഭരിച്ച വകയിൽ സമിതിയ്ക്ക് 05.10.2021 ലെ കണക്കുപ്രകാരം 19,54,668/- രൂപ ഹോർട്ടികോർപ്പ് നൽകുവാനുണ്ട്. ഇതിൽ 5,93,422 രൂപയുടെ ക്ലെയിം ഹോർട്ടികോർപ് സമർപ്പിക്കുകയും തുക മാറി നൽകുകയും ചെയ്തിട്ടുണ്ട്. ബാക്കി തുകയായ 1361246 രൂപ ഹോർട്ടികോർപ്പ് ക്ലയിം നൽകുന്ന മുറയ്ക്ക് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ